**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **10-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി ജലമെട്രോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ചെലവ് കുറഞ്ഞതും അപകടസാധ്യത കുറവുള്ളതുമായ മാർഗ്ഗമാണ് കൊച്ചി ജലമെട്രോ എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൊച്ചി ജലമെട്രോയുടെ 100 പേർക്ക് യാത്ര ചെയ്യാവുന്ന അത്യാധുനിക രീതിയിലുള്ള ശീതീകരിച്ച ബോട്ടിലെ യാത്രാനിരക്കായി ശരാശരി 20 രൂപ മുതൽ 40 രൂപ വരെയാണ് ഈടാക്കുന്നത്. അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതും എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതും, യാത്രക്കാരുടെ എണ്ണം നിയന്ത്രിക്കുന്ന രീതിയും (പാസ്സഞ്ചർ കൗണ്ടിംഗ് സിസ്റ്റം) ഈ ബോട്ടുകളുടെ പ്രത്യേകതകളാണ്. സ്ഥിരത കൂടുതലുള്ള കാറ്റമറൈൻ ശ്രേണിയിലുള്ള അലുമിനിയം ബോട്ടുകൾ വിവിധ അന്താരാഷ്ട്ര കമ്പനികളുടെ മേൽനോട്ടത്തിലാണ് കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ, നിലവിൽ നിഷ്കർഷിച്ചിട്ടുള്ളതിന് ഉപരിയായുള്ള സുരക്ഷാക്രമീകരണങ്ങളാണ് ഈ ബോട്ടുകളിൽ ഒരുക്കിയിട്ടുള്ളത്. |
| (ബി) | അത്യാധുനിക സൗകര്യങ്ങളോടുകൂടിയതും ആനന്ദപ്രദവുമായ യാത്ര വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായി കൊച്ചി ജലമെട്രോ ഇതിനകം മാറിയിട്ടുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നാളിതുവരെ 20 ലക്ഷത്തിലധികം യാത്രക്കാർ ജലമെട്രോയിൽ യാത്ര ചെയ്തിട്ടുണ്ട്. വിദേശികളും, തദ്ദേശീയ ടൂറിസ്റ്റുകളും ജലമെട്രോയിൽ യാത്ര ചെയ്യുവാനായി എത്തുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഏറെ പ്രയോജനകരമാകുംവിധം കൊച്ചി നഗരത്തോടനുബന്ധിച്ചുള്ള കൂടുതൽ ദ്വീപുകളുമായി ബന്ധിപ്പിച്ച് സർവ്വീസ് നടത്തുന്നതിന് കൊച്ചി ജലമെട്രോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (സി) | ഉണ്ട്.<br>ഹൈക്കോർട്ട്-വൈപ്പിൻ, ഹൈക്കോർട്ട്- ഫോർട്ട് കൊച്ചി എന്നീ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിൽ ഭൂരിഭാഗം യാത്രക്കാരും തദ്ദേശ-വിദേശ സഞ്ചാരികളാണ്. കൊച്ചി നഗരത്തോടനുബന്ധിച്ചുള്ള കൂടുതൽ ദ്വീപുകളുമായി ജലമെട്രോ പദ്ധതിയെ ബന്ധിപ്പിച്ച് അതിലൂടെ ടൂറിസം വികസനത്തിന് ലക്ഷ്യമിടുന്നുണ്ട്. കടമക്കുടി, മുളവുകാട്, പിഴല, കോതാട്, താന്തോന്നിതുരുത്ത് |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ഉൾനാടൻ ദ്വീപുകളിലേക്ക് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ജലമെട്രോ പദ്ധതി പൂർത്തിയാകുമ്പോൾ എതെല്ലാം ദ്വീപുകളെ കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | വൈപ്പിൻ, ഫോർട്ടുകൊച്ചി, ബോൾഗാട്ടി, കോതാട്, ചേന്നൂർ, താന്തോന്നിതുരുത്ത്, കടമക്കുടി, പാലിയംതുരുത്ത്, ചാരിയംതുരുത്ത്, പിഴല, കൊറംകോട്ട, എളങ്കുന്നപ്പുഴ, മൂലമ്പിള്ളി, വില്ലിംഗ്ടൺ ഐലന്റ്, മുളവുകാട്, ഏലൂർ, ചേരാനെല്ലൂർ, കുമ്പളം, ഇടക്കൊച്ചി, നെട്ടൂർ, ഏരൂർ എന്നീ ദ്വീപുകളെ ജലമെട്രോ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ